**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3317 | 22.08 .2017 ലെ മറുപടിയ്ക്ക്

## മുനിസിപ്പൽ കോമൺ സർവ്വീസ്

ചോദ്യം
ശ്രീ. ഒ. രാജഗോപാൽ

ഉത്തരം
ശ്രീ. പിണറായി വിജയൻ
( ബഹു. മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരള സർക്കാരിന്റെ ജി.ഒ.(പി) നം.7/2016/ധന തീയതി 20.01.2016 നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റ്മാരുടെ റേഷ്യോ 1:1:1:1 എന്ന് പുന:ക്രമീകരിച്ചിട്ടുണ്ട്. ആയത് മുനിസിപ്പൽ കോമൺ സർവ്വീസിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (എ) | നടപ്പിൽ വരുത്തിയിട്ടില്ല. സർക്കാരിന്റെ 26.02.2011 ലെ സ.ഉ. (പി) 85/11/ധന നമ്പർ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ 1:1:1 എന്ന് നിജപ്പെടുത്തിക്കൊണ്ടുള്ള റേഷ്യോ പ്രൊമോഷൻ ഉത്തരവ് നഗരകാര്യ ഡയറക്ടറുടെ 03.03.2016 ലെ ഇ 6/619710/13-ാം നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നതാണ്. എന്നാൽ ടി ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റ് തസ്തികയിൽ അനുവദിച്ചിട്ടുള്ള റേഷ്യോ പ്രകാരം വർക്കല നഗരസഭയിൽ ജോലി ചെയ്തിരുന്ന ടൈപ്പിസ്റ്റ് ശ്രീ. ശ്രീരാഗിന് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 01.02.2011 പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിയ്ക്കണമെന്ന ആവശ്യവുമായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടിയാൻ സമർപ്പിച്ച ഒ.എ 1764/16 മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 03.03.2016-ലെ ഉത്തരവ് പ്രകാരം അനുവദിയ്ക്കപ്പെട്ട ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ ഉത്തരവിന് തിരുത്തൽ |

| | | | |
|---|---|---|---|
| | | | വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായി വരികയും ആയതിന് 2008 മുതലുള്ള ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ച് തീരുമാനമെടുക്കേണ്ടിയും വന്നിട്ടുള്ളതാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് 13.06.2017 ൽ കരട് തിരുത്തൽ ഉത്തരവും, തുടർന്ന് ആക്ഷേപങ്ങൾ ക്ഷണിച്ച് 01.08.2017 ൽ അന്തിമ തിരുത്തൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ അനുപാതം നിജപ്പെടുത്തിയാൽ മാത്രമേ 10-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിക്കാൻ നിർവ്വാഹം ഉണ്ടായിരുന്നുള്ളൂ. 9-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഇപ്പോൾ ടൈപ്പിസ്റ്റ് തസ്തികയിലെ അനുപാതം അന്തിമമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ 20.01.2016 ലെ സ.ഉ.(പി) 7/16/ധന. നമ്പർ ഉത്തരവ് പ്രകാരമുള്ള റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ